## തിരുവാലി ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങൾ

1. കൃഷിഭവൻ - തിരുവാലി
2. മൃഗാശുപത്രി - തിരുവാലി
3. അസി. എഞ്ചിനീയർ ഓഫീസ് - തിരുവാലി
4. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് - തിരുവാലി
5. കുടുംബാരോഗ്യകേന്ദ്രം - പൂളക്കൽ
6. ഗവ. ആയുർവ്വേദാശുപത്രി - തിരുവാലി
7. ഗവ. ഹോമിയോ ഡിസ്പെൻസറി - തിരുവാലി
8. ഗവ. യുനാനി ഡിസ്പെൻസറി (എൻ.ആർ.എച്ച്.എം.) - നടുവത്ത്
9. പി. എച്ച്. സി. സബ്സെന്റർ - നടുവത്ത്
10. പി. എച്ച്. സി. സബ്സെന്റർ - കോട്ടോല
11. പി. എച്ച്. സി. സബ്സെന്റർ - കാർങ്ങല്ലൂർ
12. പി. എച്ച്. സി. സബ്സെന്റർ - പത്തിരിയാൽ
13. ജി.എൽ.പി. സ്കൂൾ- തിരുവാലി
14. ജി.എൽ.പി. സ്കൂൾ- ചടങ്ങാംകുളം, നടുവത്ത്
15. ഗവ. നഴ്സറി സ്കൂൾ (പട്ടികജാതി വികസന വകുപ്പ്) - ഷാരത്ത്കുന്ന്

ഇതുകൂടാതെ 29 അംഗൻവാടികളും തിരുവാലി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

## തിരുവാലി ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 1. | സെക്രട്ടറി - ഗ്രാമപഞ്ചായത്ത് | കെ.രാജീവ് |
| 2. | അസി. സെക്രട്ടറി - ഗ്രാമപഞ്ചായത്ത് | കവിതജോസ് |
| 3. | എച്ച്. എം. - ജി.എൽ.പി.എസ്., തിരുവാലി | പസീല ബീവി |
| 4. | ICDS സൂപ്പർവൈസർ | സീന |
| 5. | മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ. ജയശ്രീ |
| 6. | കൃഷി ഓഫീസർ | സ്വഫ |
| 7 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | ഡോ. അനൂജ കണ്ണൻ |
| 8. | LSGD അസി. എഞ്ചിനീയർ | ഫ്രാൻസിസ് ഫെർണാണ്ടസ് |
| 9. | മെഡിക്കൽ ഓഫീസർ-അലോപ്പതി | ഡോ. ബിനു |
| 10. | വെറ്ററിനറി സർജ്ജൻ | ഡോ. രാജൻ |
| 11. | വി.ഇ.ഒ. തിരുവാലി | ശുഭ |
| 12. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | മുഹ്സിൻ മൊയ്തീൻ |

| തിരുവാലി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാകുന്ന സേവനങ്ങൾ **I. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനുവദിക്കുന്നവ** | | | | |
|---|---|---|---|---|
| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
| 1 | സ്വഭാവ സർട്ടിഫിക്കറ്റ് | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ് സഹിതം അപേക്ഷ | 1 ദിവസം | ഇല്ല |
| 2 | റേഷൻകാർഡിൽ പേര് ഉൾപ്പെടുത്തുന്നതിനും പുതിയ കാർഡിന് അപേക്ഷിക്കുന്നതിനുമുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ്, ബന്ധപ്പെട്ട റേഷൻ കാർഡ് | 1 ദിവസം | ഇല്ല |
| 3 | തൊഴിൽ രഹിതനാണെന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ്. | 1 ദിവസം | ഇല്ല |
| 4 | പേരിലോ, വീട്ടുപേരിലോ മാറ്റംവന്നവർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ അഭിപ്രായ കുറിപ്പ്, ബന്ധപ്പെട്ട രേഖകൾ | 1 ദിവസം | ഇല്ല |
| 5 | ലൈഫ് സർട്ടിഫിക്കറ്റ് | പെൻഷണർ നേരിട്ടോ അടുത്തുള്ള ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പേമെന്റ് ഓർഡർ സഹിതം അപേക്ഷിക്കുക. | 1 ദിവസം | ഇല്ല |
| 6 | രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ വിവാഹിതനാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ കുറിപ്പ് സഹിതം | 1 ദിവസം | ഇല്ല |
| 7 | രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ മരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ അഭിപ്രായ കുറിപ്പ്. | 1 ദിവസം | ഇല്ല |
| 8 | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പിൻതുടർച്ചാവകാശം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ | 1 ദിവസം | ഇല്ല |
| 9 | സ്റ്റേറ്റുമെന്റുകളും പ്രസ്താവനകളും ബോദ്ധ്യപ്പെടുത്തൽ | പഞ്ചായത്ത് പ്രസിഡന്റിനെ നേരിട്ട് സമീപിച്ച് പ്രസിഡന്റിന്റെ മുമ്പാകെ ഒപ്പിടുക. | 1 ദിവസം | ഇല്ല |

| തിരുവാലി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാകുന്ന സേവനങ്ങൾ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
| 10 | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പിന്റെകാര്യത്തിൽ പഞ്ചായത്ത് പ്രസിഡന്റ് മുമ്പാകെ ഒപ്പിടുകയും, പകർപ്പ്സാക്ഷ്യപ്പെടുത്തുന്നതിന് അസ്സൽ ഹാജരാക്കുകയും ചെയ്യുക. | 1 ദിവസം | ഇല്ല |
| 11 | ഭവനനിർമ്മാണ ബോർഡിലും മറ്റും ഹാജരാക്കുന്നതിന് സബ്സിഡിക്ക് അർഹതയുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | റേഷൻകാർഡ് സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് അപേക്ഷ | 1 ദിവസം | ഇല്ല |
| 12 | വിവിധ ക്ഷേമനിധി ബോർഡുകളിൽ ഹാജരാക്കുന്നതിന് കുടുംബ ബന്ധംസാക്ഷ്യപ്പെടുത്തികൊണ്ടുള്ള സർട്ടിഫിക്കറ്റ് | വിവാഹ സർട്ടിഫിക്കറ്റ് റേഷൻ കാർഡ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് അപേക്ഷിക്കുക. | 1 ദിവസം | ഇല്ല |
| **ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിക്കുന്നവ** | | | | |
| 13 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (ഫോറം - 2) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം നികുതി തൻവർഷത്തേക്ക് ഉൾപ്പെടെ അടവായിരിക്കണം. എന്തൊരാവശ്യത്തിനാണ് എന്ന് വ്യക്തമാക്കിയിരിക്കണം. | 3 പ്രവൃത്തി ദിവസം | ഇല്ല |
| 14 | താമസ സർട്ടിഫിക്കറ്റ് (അസസ്മെന്റ് രജിസ്റ്ററിൽരേഖപ്പെടുത്തിയ സംഗതിയിൽ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (ഫോറം) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം നികുതി തൻവർഷത്തേക്ക് ഉൾപ്പെടെ അടവായിരിക്കണം. എന്തൊരാവശ്യത്തിനാണ് എന്ന് വ്യക്തമാക്കിയിരിക്കണം. | 3 പ്രവൃത്തി ദിവസം | ഇല്ല |
| 15 | താമസ സർട്ടിഫിക്കറ്റ് (കെട്ടിട ഉടമസ്ഥന്റെ പേരിൽ അല്ലാതെ കുടുംബാംഗങ്ങളുടെപേരിൽ ആണെങ്കിൽ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (ഫോറം) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം നികുതി തൻവർഷത്തേക്ക് ഉൾപ്പെടെ അടവായിരിക്കണം. എന്തൊരാവശ്യത്തിനാണ് എന്ന് വ്യക്തമായിരിക്കണം. കുടുംബാംഗങ്ങളുടെ പേരുൾപ്പെട്ട റേഷൻകാർഡിന്റെ പകർപ്പ് ഹാജരാക്കണം | 7 പ്രവൃത്തി ദിവസം | ഇല്ല |
| 16 | താമസ സർട്ടിഫിക്കറ്റ് (ഉടമസ്ഥന്റെയോ കുടുംബാംഗങ്ങളുടെയോ പേരിൽ അല്ലെങ്കിൽ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (ഫോറം) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം നികുതി തൻവർഷത്തേക്ക് ഉൾപ്പെടെ അടവായിരിക്കണം. എന്തൊരാവശ്യത്തിനാണ് എന്ന് വ്യക്തമായിരിക്കണം. വാടകകരാർ പകർപ്പ്/ ഉടമസ്ഥന്റെ സമ്മതപത്രം എന്നിവ ഹാജരാക്കണം | 7 പ്രവൃത്തി ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 17 | താമസ സർട്ടിഫിക്കറ്റ് (പാസ്പോർട്ട് ആവശ്യത്തിന് / വോട്ടർപട്ടികയിൽ പേര് ചേർത്തുന്നതിന്) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (ഫോറം)<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം<br>നികുതി തൻവർഷത്തേക്ക് ഉൾപ്പെടെ അടവായിരിക്കണം. എന്തൊരാവശ്യത്തിനാണ് എന്ന് വ്യക്തമാക്കിയിരിക്കണം.<br>1. റേഷൻകാർഡിന്റെ പകർപ്പ്<br>2. ഇലക്ട്രൽ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്<br>എന്നിവ ഹാജരാക്കണം<br>സ്വന്തംവീടല്ലെങ്കിൽ കെട്ടിടം ഉടമയുടെ സമ്മത പത്രം/രണ്ടുപേരും ഒപ്പിട്ട വാടകകരാർ ഹാജരാക്കണം | 7പ്രവൃത്തി ദിവസത്തിനകം | ഇല്ല |
| 18 | വാസയോഗ്യമായ വീടില്ല എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചവെള്ളകടലാസിൽ അപേക്ഷിക്കുക<br>(വാസയോഗ്യമായ വീടില്ലെങ്കിൽ ഇപ്പോൾ താമസിക്കുന്ന വീടിന്റെ നമ്പർ അപേക്ഷയിൽ കാണിക്കണം) | 7 പ്രവൃത്തി ദിവസത്തിനകം | ഇല്ല |
| 19 | കെട്ടിട ഉടമസ്ഥാവകാശം മാറ്റുന്നതിന് സ്ഥലം കൈമാറ്റം ചെയ്യുന്ന സഹചര്യത്തിൽ | 1. വെള്ളകടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് കെട്ടിടം ഉടമയും മുൻ ഉടമയുമയും സംയുക്തമായി തയ്യാറാക്കിയ അപേക്ഷ<br>2. ആധാരത്തിന്റെ പകർപ്പ്.(സാക്ഷ്യപ്പെടുത്തിയത്)<br>3. ബന്ധപ്പെട്ട സബ് രജിസ്ട്രാർ നൽകുന്ന ഫോറം നമ്പർ 59 ലുള്ള സാക്ഷ്യപത്രം<br>4. കൈവശാവകാശ സർട്ടിഫിക്കറ്റ് | 45 പ്രവൃത്തി ദിവസം | കൈമാറ്റം നടന്ന് 3 മാസത്തിനകം അപേക്ഷസമർപ്പിക്കാത്ത സാഹചര്യത്തിൽ പരമാവധി 500 രൂപ |
| 20 | കെട്ടിട ഉടമസ്ഥാവകാശം മാറ്റുന്നത് (കെട്ടിട ഉടമ മരണപ്പെട്ട സംഗതി യിൽ) | 1. വെള്ളക്കടലാസിൽ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2.മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>3.പിന്തുടർച്ചാവകാശംസംബന്ധിച്ച് ആവശ്യമായ രേഖകൾ<br>4. കൈവശാവകാശ സർട്ടിഫിക്കറ്റ് | 45 പ്രവൃത്തി ദിവസം | കെട്ടിടമുടമ മരണപ്പെട്ട് 1 വർഷത്തിനകം അപേക്ഷസമർപ്പിക്കാത്ത സാഹചര്യത്തിൽ പരമാവധി 500 രൂപ |
| 21 | കെട്ടിട ഉടമസ്ഥാവകാശം മാറ്റുന്നത് (കോടതി ഉത്തരവ് ബെഞ്ച് മുഖേന) | നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ (ഫോറം- 2)<br>കൈവശാവകാശ സർട്ടിഫിക്കറ്റ്<br>കോടതിവിധിയോ ലേലപ്രകാരമോ ഉള്ള വിൽപ്പന യിൽ ടി ഉത്തരവുകളുടെ സാക്ഷ്യപ്പടുത്തിയ പകർപ്പ് | 45 പ്രവൃത്തി ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 22 | കെട്ടിടത്തിന്റെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | 1.വെള്ളകടലാസിൽ എഴുതിയ അപേക്ഷ<br>2. 5 രൂപ കോർട്ട്ഫീസ്റ്റാമ്പ് പതിച്ചിരിക്കണം<br>3.കെട്ടിട നികുതി തൻ വർഷത്തേക്ക് ഉൾപ്പെടെ അടവായിരിക്കണം.<br>4 കെട്ടിട നിർമ്മാണത്തിന് കിട്ടിയ അനുവാദപട്ടികയുടെപകർപ്പ്<br>5. നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി<br>6.നികുതി ചുമത്തിയ തിയ്യതി<br>7. സാക്ഷ്യപത്രം എന്താവശ്യത്തിനെന്ന് വ്യക്തമാക്കണം | 10 പ്രവൃത്തിദിവസം | ഇല്ല |
| 23 | കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്ററിന്റെ പകർപ്പ് | 1.വെള്ളകടലാസിൽ എഴുതിയ അപേക്ഷ<br>2.5 രൂപ കോർട്ട്ഫീസ്റ്റാമ്പ് പതിച്ചിരിക്കണം<br>3. കെട്ടിടനികുതി അസസ്മെന്റ് രജിസ്റ്ററിലെ ആവശ്യ മായവയുടെ കെട്ടിടനമ്പറും, വാർഡ് നമ്പറും<br>4. എന്താവശ്യത്തിന് എന്ന് വ്യക്തമാക്കിയിരിക്കണം | 7 പ്രവൃത്തി ദിവസം | പുറം ഒന്നിന് 2 രൂപ |
| 24 | കെട്ടിട നിർമ്മാണനിരാക്ഷേപപത്രം നൽകൽ (ഒരു പ്ലോട്ടിൽ നിലവിലുള്ളതും പണിയാൻ ഉദ്ദേശിക്കുന്നതുമുൾപ്പെടെ 150 ച.മീ. വരെ വിസ്തീർണ്ണമുള്ളതും 2 നിലയിൽ കവിയാത്തതുമായ ഏകകുടുംബ വാസഗൃഹങ്ങളുടെ സംഗതിയിൽ (പ്രവൃത്തി ആരംഭിക്കുന്നതിന് 10 ദിവസംമുമ്പ് അപേക്ഷ സമർപ്പിച്ചിരിക്കണം) | 1). നിർദ്ദിഷ്ട ഫോറത്തിലുള്ള 5 രൂപ കോർട്ട്ഫീസ്റ്റാമ്പ് പതിച്ച അപേക്ഷ (ഫോറം എ.2)<br>2). ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3). കൈവശാവകാശ സർട്ടിഫിക്കറ്റിൽ സ്ഥലത്തിന്റെ തരം കാണിച്ചിരിക്കണം.<br>4). ഭൂനികുതി അടവാക്കിയതിന്റെ പകർപ്പ്<br>5). റഫ്സ്കെച്ച്<br>(സ്ഥലത്ത് നിലവിലുള്ളതും പണിയാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിയത്തിലേക്ക് അതിർത്തികളിൽനിന്നുള്ള ദൂരം പ്രത്യേകം കാണിച്ചിട്ടുള്ള രൂപരേഖ | പത്ത് പ്രവർത്തി ദിവസം | ഇല്ല |
| 25 | കെട്ടിട നിർമ്മാണപെർമിറ്റ് (പുതിയവയും, ഉപയോഗ മാറ്റത്തിനും പെർമിറ്റ് ആവശ്യമില്ലാത്തവ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും) | 1. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടം അനുബന്ധം എ യിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച പൂരിപ്പിച്ച അപേക്ഷ<br>2. ആധാരത്തിന്റെ പകർപ്പ് 3. കൈവശാവകാശ സർട്ടിഫിക്കറ്റ് (ഭൂമിയുടെ തരം കാണിച്ചിരിക്കണം) 4. ഭൂനികുതി അടച്ച രശീതിന്റെ പകർപ്പ് 5. ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ, സെക്ഷൻ എലിവേഷൻ, ടെറസ് പ്ലാൻ, സ്പെസിഫിക്കേഷൻ സർവ്വീസ് പ്ലാൻ 3 പകർപ്പ് 6.പാർക്കിംഗ് പ്ലാൻ (ആവശ്യമെങ്കിൽ ) 7. മഴവെള്ള സംഭരണി പ്ലാൻ (150 ച.മീറ്ററിലും, സ്ഥലവിസ്തീർണ്ണം 320 ച. മീറ്ററിലും കൂടാത്ത വാസഗൃഹങ്ങൾക്കും, തറവിസ്തീർണ്ണം 100 ച.മീറ്ററിലും സ്ഥലവിസ്തീർണ്ണം 200 ച.മീറ്ററിലും കൂടാത്ത വാണിജ്യകെട്ടിടങ്ങൾക്കും ആവശ്യമില്ല. 8 ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ്<br>(മറ്റുവകുപ്പുകളിൽനിന്ന് നിരാക്ഷേപ പത്രം ആവശ്യമുള്ള സംഗതിയിൽ ആയവയും ഹാജരാക്കേണ്ടതാണ്) | മുപ്പത് ദിവസം | നിശ്ചിത നിരക്കിലുള്ള ഫീസ് ചട്ടപ്രകാരം |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 26 | പഞ്ചായത്തിന്റെ പെർമിറ്റ് വാങ്ങാത്ത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നത് | ക്രമനമ്പർ 25 പ്രകാരം നിർദ്ദേശിച്ച രേഖകൾക്ക് പുറമേ ബിൽഡിംഗ് ലൈസൻസിയുടേയും ഉടമയുടേയും കംപ്ലീഷൻ സർട്ടിഫിക്കറ്റ്, കംപ്ലീറ്റഡ് പ്ലാനുകൾ | മുപ്പത് ദിവസം | ചട്ടപ്രകാരമുള്ള ഫീസ് |
| 27 | കെട്ടിടനിർമ്മാണ പെർമിറ്റുകൾ കൈമാറ്റംചെയ്യൽ | 1. വസ്തുകൈമാറ്റംചെയ്ത വ്യക്തിയുടേയും കൈമാറിക്കിട്ടിയ വ്യക്തിയുടേയും അപേക്ഷകൾ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്)<br>2. അനുവദിക്കപ്പെട്ട പെർമിറ്റിന്റെ അസ്സൽ<br>3. സ്ഥലം കൈമാറ്റംനടത്തിയത് തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | 15 ദിവസം | 25 രൂപ |
| 28 | കെട്ടിടനിർമ്മാണ പെർമിറ്റ് കാലാവധി നീട്ടൽ/പുതുക്കൽ | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. അനുവദിച്ച അസ്സൽ പെർമിറ്റ്<br>3. അനുവദിച്ച അസ്സൽ പ്ലാൻ | 30 ദിവസം | കാലാവധിക്കുള്ളിൽ നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10 % തുക. കാലാവധികഴിഞ്ഞാൽ പെർമിറ്റ് ഫീസിന്റെ 50% |
| 30 | മതിൽ/വേലി (പൊതുവഴിയോടും സ്ഥലത്തോടും ചേർന്ന അതിർത്തികളിൽ നിർമ്മിക്കുന്നതിന്) | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ഫോറം എ)<br>2. സൈറ്റ് പ്ലാൻ<br>3. ആധാരത്തിന്റെ പകർപ്പ്<br>4. കൈവശ സർട്ടിഫിക്കറ്റ്<br>5. സ്ഥലത്തിന്റെ കരമടച്ച രശീതി | 30 ദിവസം | അപേക്ഷാഫീസ് 5 രൂപ പെർമിറ്റ് ഫീസ് മീറ്ററിന് 1 രൂപ |
| 31 | കെട്ടിടത്തിന് നമ്പർ നൽകൽ | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. ഫോറം 2 ലുള്ള റിട്ടേൺ<br>3. പെർമിറ്റിന്റെ പകർപ്പ്<br>4. കംപ്ലീഷൻ സർട്ടിഫിക്കറ്റ്<br>5. കംപ്ലീറ്റഡ് പ്ലാൻ (ആവശ്യമായ സംഗതികളിൽ) (പെർമിറ്റ് അനുവദിച്ച സംഗതികളിൽ ഉടമയുടേയും, എൻ.ഒ.സി. അനുവദിച്ച സംഗതികളിൽ ഉടമയുടേയും ബിൽഡിംഗ് സൂപ്പർവൈസറുടേയും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്) | 15 ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 32 | വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് | 1). നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷ<br>2). 5 രൂപ കോടതി മുദ്ര പതിച്ചിരിക്കണം<br>5). സ്ഥലനാമം, പ്ലാസ്റ്റിക് നിരോധനം, പുകവലിനിരോധനം എന്നിവ സംബന്ധിച്ച നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം സമർപ്പിക്കണം.<br>6). കെട്ടിടം/സ്ഥലം സ്വന്തമല്ലെങ്കിൽ ഉടമസ്ഥനിൽനിന്നും 200 രൂപ മുദ്രപത്രത്തിൽ സമ്മതപത്രം/കരാർ പത്രം സമർപ്പിക്കണം<br>7. സ്ഥാപനം തുടങ്ങുന്നതിന്റെ 30 ദിവസം മുമ്പ് അപേക്ഷ സമർപ്പിക്കണം.<br>8). ലൈസൻസ് പുതുക്കുന്ന അവസ്ഥയിൽ മേൽ നിർദ്ദേശങ്ങളോടെ (1-6) സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുമ്പ് അപേക്ഷ സമർപ്പിക്കണം. | 30 പ്രവർത്തി ദിവസം | നിശ്ചിത നിരക്കിൽ |
| 33 | ഫാക്ടറി, വർക്ക് ഷോപ്പ് വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ ഇൻസ്റ്റലേഷൻ (പ്രവർത്തനങ്ങൾക്ക് മുമ്പ് വാങ്ങേണ്ട അനുമതി) | 1. നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷ ( 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം)<br>2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ/സഥലം ഉടമയുമായുള്ള കരാറിന്റെ പകർപ്പ്<br>3). 1948 ലെ ഫാക്ടറീസ് ആക്ടുമായി ബന്ധപ്പെട്ട സംഗതികളിൽ ടി. അധികാരിയുടെ റിപ്പോർട്ട്.<br>4. ജല-വായു-ശബ്ദ മലിനീകരണം ഉണ്ടാകുന്നവയെങ്കിൽ മലിനീകരണ നിയന്ത്രണബോർഡിന്റെ /ബന്ധപ്പെട്ട അധികാരികളുടെ നിരാക്ഷേപ സാക്ഷ്യപത്രം<br>5. തീപിടിക്കുവാനോ പൊട്ടിത്തെറിക്കുവാനോ സാദ്ധ്യതയുള്ള സംഗതികളിൽ ഫയർ ഡിവിഷണൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്.<br>6. കെട്ടിടനിർമ്മാണചട്ടപ്രകാരമുള്ള അപേക്ഷ.<br>7). സ്ഥാപനത്തിന്റെ 100 മീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന വാസഗൃഹങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ മുതലായവ രേഖപ്പെടുത്തിയ സൈറ്റ് പ്ലാൻ<br>5). എക്സ്പ്ലോസീവ് വിഭാഗത്തിൽപ്പെട്ടവക്ക് ജില്ലാകലക്ടറുടെ/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിന്റെ അനുവാദപത്രം | നിരാക്ഷേപപത്രങ്ങൾ ലഭ്യമായ സംഗതിയിൽ 30 പ്രവൃത്തി ദിവസം | നിശ്ചിത നിരക്കിൽ |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 34 | ക്വാറികൾക്കുള്ള ലൈസൻസ് | 1). നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷ. 5 രൂപകോർട്ട് ഫീസ്റ്റാമ്പ് പതിച്ചിരിക്കണം<br>2. മലിനീകരണ നിയന്ത്രണബോർഡിൽനിന്നുള്ള കൺസെന്റ് ടു ഓപ്പറേറ്റ്<br>3). ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>4). സ്വകാര്യ ഭൂമിയാണെങ്കിൽ റവന്യൂവകുപ്പിൽനിന്നുള്ള കൈവശ സർട്ടിഫിക്കറ്റ്. റവന്യൂ ഭൂമിയാണെങ്കിൽ കെ. എൽ.സി. ആക്ട് പ്രകാരമുള്ള അനുമതി.<br>5) റവന്യൂ വകുപ്പിൽനിന്നോ/ ചീഫ് കൺട്രോളർഓഫ് എക്സ്പ്ലോസീവ്സ് പക്കൽനിന്നോ ലഭിച്ച അനുമതി (ബാധകമായതിന്)<br>6. പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ദ്ധ്യം ............ സർട്ടിഫിക്കറ്റ് (ബാധകമായതിന്)<br>7. മൈനിങ്ങ് & ജിയോളജി വകുപ്പിൽനിന്നുള്ള അനുമതി<br>8. ക്വാറി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർട്ടിഫൈഡ് സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും.<br>9. സ്റ്റേറ്റ് എൻവെയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെ അനുമതി. (സ്ഥലപരിധിക്ക് വിധേയമായി)<br>10. കെ.പി.ബി.ആർ. അപേക്ഷ | 30 പ്രവർത്തി ദിവസം (ബന്ധപ്പെട്ട എല്ലാ നിരാക്ഷേപപത്രങ്ങളും ഹാജരാക്കിയിരിക്കണം) | നിശ്ചിത നിരക്കിൽ |
| 35 | ലൈവ്സ്റ്റോക്ക് ഫാം അനുമതിക്കുള്ള അപേക്ഷ (കന്നുകാലി 5ൽ കൂടുതൽ, ആട് - 20 ൽ കൂടുതൽ, മുയൽ - 25 ൽ കൂടുതൽ, പൗൾട്രി-100 ൽ കൂടുതൽ, പന്നി - 5ൽ കൂടുതൽ) | 1). ഫോറം നമ്പർ 1 ൽ 5 രൂപകോർട്ട് ഫീസ്റ്റാമ്പ് പതിച്ച് അപേക്ഷിക്കണം.<br>2. സൈറ്റ് പ്ലാൻ, സ്കെച്ച്, ബിൽഡിംഗ് പ്ലാൻ (സാനിറ്റേഷൻ സൗകര്യം, സ്ഥലവിസ്തീർണ്ണം, 100 മീറ്റർ റേഡിയസ്സിലെ ജനവാസം സംബന്ധിച്ച വിവരങ്ങൾ, മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ എന്നിവ കാണിച്ചിരിക്കണം)<br>3. കെ.പി.ബി.ആർ. അനുസരിച്ചുള്ള അപേക്ഷ.<br>4. മലിനീകരണനിയന്ത്രണബോഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം<br>5. വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ / പക്ഷികളുടെ എണ്ണം | 30 പ്രവർത്തി ദിവസം | നിശ്ചിത നിരക്കിൽ |
| 36 | ലൈവ്സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസിനുള്ള അപേക്ഷ | 1). ഫോറം നമ്പർ 2 ൽ 5 രൂപകോർട്ട് ഫീസ്റ്റാമ്പ് പതിച്ച് അപേക്ഷിക്കണം.<br>2. കെ.പി.ബി.ആർ. അനുസരിച്ചുള്ള അപേക്ഷ.<br>3. അനുമതി പത്രത്തിന്റെ പകർപ്പ് | 30 പ്രവർത്തി ദിവസം | നിശ്ചിത നിരക്കിൽ |
| 37 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 1). നിശ്ചിതഫോറത്തിൽ 5 രൂപകോർട്ട് ഫീസ്റ്റാമ്പ് പതിച്ച് അപേക്ഷിക്കണം.<br>2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3. അപേക്ഷകൻ ഉടമയല്ലെങ്കിൽ ഉടമയുമായുള്ള എഗ്രിമെന്റിന്റെ പകർപ്പ്.<br>4. കെ.പി.ബി.ആർ. നിഷ്കർഷിക്കുന്നപ്രകാരമുള്ള കെട്ടിയമായിരിക്കണം | 15 പ്രവർത്തി ദിവസം | നിശ്ചിത നിരക്കിൽ |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 38 | സ്വകാര്യ ആശുപത്രി / പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ | 1). നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷ. 5 രൂപകോർട്ട് ഫീസ്റ്റാമ്പ് പതിച്ചിരിക്കണം<br>2. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3. അപേക്ഷകൻ ഉടമയല്ലെങ്കിൽ ഉടമയുമായുള്ള എഗ്രിമെന്റിന്റെ പകർപ്പ്.<br>4. മലിനീകരണനിയന്ത്രണബോഡിൽനിന്നോ മറ്റുബന്ധപ്പെട്ട അധികാരികളിൽനിന്നോ നിരാക്ഷേപ സാക്ഷ്യപത്രം | 15 പ്രവർത്തി ദിവസം | നിശ്ചിത നിരക്കിൽ |
| 39 | പട്ടികൾക്കുള്ള ലൈസൻസുകൾ | 1). നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷ. 5 രൂപകോർട്ട് ഫീസ്റ്റാമ്പ് പതിച്ചിരിക്കണം<br>2. പേപ്പട്ടി വിഷബാധക്കെതിരെ പ്രതിരോധകുത്തിവെപ്പ് നടത്തിയിട്ടുണ്ടെന്നുള്ള വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം | 30 പ്രവർത്തി ദിവസം | ഫീസ് 10 രൂപ |
| 40 | ജനനം, മരണം, നിർജ്ജീവ ജനനം രജിസ്റ്റർ ചെയ്യലും (21 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കുന്ന സാഹചര്യത്തിൽ ) | 1). വീട്ടിൽവെച്ച് നടന്ന ജനനമാണെങ്കിൽ സംഭവ സമയത്ത് വീട്ടിൽ ഹാജരുള്ള കുടുംബാംഗം/ഗൃഹനാഥൻ ആശുപത്രിയിൽ വച്ച് നടന്നതാണെങ്കിൽ അശുപത്രി അധികൃതരും മറ്റു സ്ഥാനങ്ങളിലാണെങ്കിൽ അവയുടെ ഉടമകളും 21 ദിവസത്തിനകം നിശ്ചിത ഫോറത്തിൽ ലോക്കൽ രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യണം | ആശുപത്രി കിയോസ്ക് ഉള്ളസ്ഥലത്ത് റിപ്പോർട്ട്ലഭിക്കുന്ന ദിവസം .അല്ലാത്തസംഗതികളിൽ 7 പ്രവ്യത്തി ദിവസത്തിനകം | ഇല്ല |
| 41 | ജനനം, മരണം താമസിച്ച് രജിസ്റ്റർ ചെയ്യൽ | **എ). 30 ദിവസംവരെ** ലോക്കൽ രജിസ്ട്രാർ / സെക്രട്ടറി പിഴഈടാക്കി രജിസ്റ്റർ ചെയ്യാം. മേൽപ്പറഞ്ഞവക്കുപുറമേ രജിസ്റ്റർചെയ്യാൻ വൈകിയതിന്റെ കാരണം കാണിച്ചുള്ള അപേഷ<br>**ബി) ഒരു വർഷംവരെ** പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രത്യേക അനുമതിയോടെ രജിസ്റ്റർ ചെയ്യാം. 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിൽ ജനനം/മരണംനടന്ന ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം.നിർദ്ദിഷ്ട ഫോറത്തിലുള്ള മരണ റിപ്പോർട്ട് 2 പകർപ്പ് വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള കാരണം കാണിക്കുന്ന അപേക്ഷ,<br>ഗസറ്റഡ് ഓഫീസർ / നോട്ടറി പബ്ലിക്ക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം എന്നിവയും ഹാജരാക്കണം.<br>നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ജനന സമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ (സ്കൂൾ സർട്ടിഫിക്കേഷൻ കാർഡ്/വോട്ടേഴ്സ് ലിസ്റ്റ് മുതലായവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (12 ാം വകു പ്പ് പ്രകാരംസർട്ടിഫിക്കറ്റിന്അർഹതയുണ്ടായിരിക്കുന്നതല്ല.)<br>**സി ). ഒരു വർഷം കഴിഞ്ഞാൽ** റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി യോടെ രജിറ്റർ ചെയ്യാം. | **ആശുപത്രി കിയോസ്ക് ഉള്ളസ്ഥലത്ത് റിപ്പോർട്ട്ലഭിക്കുന്ന ദിവസം.അല്ലാത്തസംഗതികളിൽ 7 പ്രവ്യത്തി ദിവസത്തിനകം**<br>ജില്ലാരജിസ്ട്രാറിൽനിന്നും അനുമതി ലഭിച്ച് 7 ദിവസത്തിനകം | 2 രൂപ<br>5 രൂപ<br>10രൂപ |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 42 | ജനന /മരണ സർട്ടിഫിക്കറ്റ് ജനന / മരണ രജിസ്ട്രേ ഷൻ 17 വകുപ്പ് പ്രകാരം. | | 7പ്രവൃത്തി ദിവസം | തിരച്ചിൽ ഫീ ഒരുവർഷത്തേക്ക് 2രൂപ പകർപ്പ്ഫീസ് 5 രൂപ |
| 43 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ, ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര്ചേർത്തിട്ടില്ലായെങ്കിൽ മാത്രം | **എ)** നിശ്ചിത മാതൃകയിൽ ഉള്ള അപേക്ഷയിൽ 5 രൂപ കോടതി മുദ്ര പതിച്ച് മാതാപിതാക്കൾ സംയുക്തമായി അപേക്ഷിക്കാം. അപേക്ഷയിൽ ഒപ്പുവെച്ചവരുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് | 7 പ്രവൃത്തി ദിവസം | 1 വർഷംവരെ സൗജന്യം തുടർന്ന് 5 രൂപലേറ്റ് ഫീ (കൃത്യമായ വിവരംനൽകിയാൽ തിരച്ചിൽ ഫീ ഇല്ല) |
| | | **ബി)**. കുട്ടിക്ക് 6 വയസ്സ് കഴിഞ്ഞാൽ കുട്ടികളുടെ ജനനക്രമം തെളിയിക്കുന്ന മാതാപിതാക്കളുടെ സത്യപ്രസ്താവന, സ്കൂൾ രേഖയിലെ പേര്, ജനനതിയ്യതി, മാതാപിതാക്കളുടെ പേര് എന്നിവകാണിക്കുന്ന സ്കൂൾ മേലധികാരിയിൽനിന്നുള്ള സാക്ഷ്യപത്രം<br>നിശ്ചിത ഫോറത്തിലുളള അപേക്ഷ. അപേക്ഷകർ മാതാപിതാക്കളല്ലെങ്കിൽ അവരുടെ തിരിച്ചറിയൽ രേഖ | 7 പ്രവൃത്തി ദിവസം | 5 രൂപ |
| | | **സി)** കുട്ടിയുടെ ജനനതിയ്യതിയും സ്കൂൾ രേഖയിലെ ജനനതിയ്യതിയും തമ്മിൽ 10 മാസത്തിലേറെ വ്യത്യാസമുണ്ടെങ്കിൽ നിശ്ചിത ഫോറത്തിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ജില്ലാ രജ്സ്ട്രാർക്ക് അപേക്ഷ, ജനിച്ച കുട്ടികളുടെ ജനന തിയ്യതിയും ജനന ക്രമവും രേഖപ്പെടുത്തിയ സത്യവാങ്മൂലം കുട്ടിയുടെ സ്കൂൾ രേഖയിലെ പേര്, ജനന തിയ്യതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന സ്കൂൾ അധികാരിയിൽനിന്നുള്ള സാക്ഷ്യപത്രം.ജനന ക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനതിയ്യതി തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്, സ്കൂൾ രേഖ, ആശുപത്രി രേഖ, റേഷൻകാർഡ് മുതലായവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | 15 പ്രവൃത്തി ദിവസം | ഇല്ല |
| | സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ജനന സർട്ടിഫിക്കറ്റിൽ ചേർത്തപേര് സ്കൂൾ രേകകളിലെ പോലെ തിരുത്തുന്നതിന് | 1. നിശ്ചിത ഫോറത്തിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. സ്കൂൾ രേഖ<br>3. തെറ്റായപേര് ചേർത്താൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിതാക്കളുടെ/അപേക്ഷകന്റെ സത്യവാങ്മൂലം | 7 പ്രവൃത്തി ദിവസം | 50 രൂപ |
| | ജനന/മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തൽ | 1. നിശ്ചിത ഫോറത്തിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. ജനനം/മരണം റിപ്പോർട്ട് ചെയ്ത അധികാരിയുടെ തിരുത്തൽ കത്ത്<br>3. വില്ലേജ് ഓഫീസറിൽനിന്നുള്ള സർട്ടിഫിക്കറ്റ്<br>4. വിശ്വസനീയമായ രണ്ടു വ്യക്തികളുടെ ഡിക്ലറേഷൻ<br>5. മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ്<br>6. തിരുത്തലുകൾ വരുത്തുന്നതിന് അടിസ്ഥാനമായ രേഖ<br>7. നോട്ടറി അഫിഡവിറ്റ് | 7 പ്രവൃത്തി ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 44 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജനന / മരണ രജിസ്ട്രേഷൻ ചെയ്തിട്ടില്ലെങ്കിൽ | 5 രൂപ കോർട്ട് ഫീസ്റ്റാമ്പ് പതിച്ച അപേക്ഷ.ജനനം/മരണം നടന്ന പ്രദേശത്തിലെ ഗ്രാമ പഞ്ചായത്തിൽ അപേക്ഷിക്കണം. ജനനം/മരണം നടന്ന സമയത്തെ താമസസ്ഥലം ജനനം/മരണം നടന്ന സ്ഥലം എന്നിവ എങ്കിലും തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കണം. പോലീസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ സർട്ടിഫിക്കറ്റ് നൽകുന്നത് പരിഗണിക്കുകയുള്ളൂ. | മറ്റ് യൂണിറ്റുകളിൽനിന്നുള്ള റിപ്പോർട്ടോ, പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ടോ ആവശ്യമുള്ള സംഗതിയിൽ ആയത് ലഭിച്ച് 7 ദിവസത്തിനകം | സർട്ടിഫിക്കറ്റ് ഫീ 2 രൂപ , തിരച്ചിൽ ഫീസ് ഒരു വർഷ ത്തിന് 2 രൂപ |
| 45 | വിവാഹ രജിസ്ട്രേഷൻ ഹിന്ദു വിവാഹ ആക്ട് പ്രകാരം | **എ.** നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട് (ഡ്യൂപ്ലിക്കേറ്റിൽ) അപേക്ഷകരും സാക്ഷികളും ഒപ്പിട്ടത്. വിവാഹിതയായി എന്നതിന് തെളിവ്. വിവാഹം നടന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം മുതലായവ. .പ്രായം തെളിയിക്കുന്നതിനുള്ള രേഖകൾ. ജനനസർട്ടിഫിക്കറ്റ് / സ്കൂൾ സർട്ടിഫിക്കറ്റ്/ പാസ്പോർട്ട്/ഡ്രൈവിങ്ങ്/ലൈസൻസ് തിരിച്ചറിയൽ കാർഡ് (ജനന തിയ്യതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ / വരന്റെ വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ ബന്ധം വേർപ്പെടുത്തിയതിന്റെ /വേർപിരിഞ്ഞതിന്റെ / മരണപ്പെട്ടതിന്റെ നിയമാനുസൃത രേഖകൾ സഹിതം)വിവാഹം നടന്ന് 15 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം.<br><br>**ബി.** 30 ദിവസം വരെ ലോക്കൽ രജിസ്ട്രാർക്ക് സംയുക്ത മായി നിശ്ചിത ഫോറത്തിൽ റിപ്പോർട്ടും (5 രൂപ കോർട്ട് ഫീ പതിച്ച് ) വിവാഹിതനായി എന്നുള്ളതിന് തെളിവ്, വിവാഹം നടന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം , മുതലായവ പ്രായം തെളിയിക്കുന്ന രേഖ സഹിതം സമർപ്പിക്കണം. വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. രണ്ട് സാക്ഷികൾ വരന്റെവധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ മുൻ വിവാഹം ഒഴിവാക്കിയതിന്റെ , നിയമപരമായി വേർപെടുത്തിയതിന്റെ രേഖകൾ ഹാജരാക്കണം.<br><br>സി). 30 ദിവസം കഴിഞ്ഞാൽ ജില്ലാ രജിസ്ട്രാറുടെ ഡി.ഡി പി അനുമതിയോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. അപേക്ഷ- ലോക്കൽ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കും 5 രൂപയുടെ കോർട്ട് ഫീ സ്റ്റാബ് പതിച്ച് (ബി) യിൽ പറയും വിധം അപേക്ഷിക്കണം.സി. 30 ദിവസം കഴിഞ്ഞാൽ ജില്ലാ രജിസ്ട്രാറുടെ ഡി.ഡി പി അനുമതിയോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. അപേക്ഷ- ലോക്കൽ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കും 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് (ബി) യിൽ പറയും വിധം അപേക്ഷിക്കണം. | 15 ദിവസം | ഇല്ല<br><br>ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 46 | വിവാഹ രജിസ്ട്രേഷൻ2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം | എ). നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ രണ്ടു പകർപ്പുകൾ വധൂ വരന്മാരും രണ്ട് സാക്ഷികളും ഒപ്പിട്ട് (ഭാര്യയുടേയും ഭർത്താവിന്റേയും പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിച്ചതും പൂർണ്ണമായി പൂരിപ്പിച്ചതും മതാചാരപ്രകാരമാണെങ്കിൽ മതാധികാരസ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റ്, വയസ്സുതെളിയിക്കുന്ന രേഖ എന്നിവ സഹിതം വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ വിവാഹ തീയ്യതിമുതൽ 45 ദിവസത്തിനകം അപേക്ഷിക്കണം. സാക്ഷികളുടെ ഐഡന്റിറ്റി രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് രജിസ്ട്രാർക്ക് ബോദ്ധ്യമാകുന്ന തെളിവ് സഹിതം<br><br>ബി). 45 ദിവസത്തിനുശേഷം 5 വർഷം വരെ രജിസ്റ്റർ ചെയ്യുന്നതിന് മുകളിൽ പറഞ്ഞ രേഖകൾക്കൊപ്പം രജിസ്ട്രാർക്ക് ബോദ്ധ്യമാകുന്ന തെളിവ്, ഫോറം നമ്പർ - 2 ൽ ഉള്ള സാക്ഷ്യപത്രം (എം.എൽ.എ./എം.പി./പഞ്ചായത്തംഗം/ഗസറ്റഡ് ഓഫീസർ നൽകിയ സാക്ഷ്യപത്രം) സഹിതം ലോക്കൽ രജിസ്ട്രാർക്ക് സമർപ്പിക്കണം. സാക്ഷികളുടെ ഐഡന്റിറ്റി രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം<br><br>സി). 5 വർഷത്തിനുശേഷം മുകളിൽപറഞ്ഞ രേഖകൾ സഹിതം ലോക്കൽ രജിസ്ട്രാർക്ക് അപേക്ഷിക്കണം. രജിസ്ട്രാർ ജനറലായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുള്ള അപേക്ഷയും ഉണ്ടായിരിക്കണം. (സാക്ഷികളുടെ ഐഡന്റിറ്റി രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ) | 7 പ്രവൃത്തി ദിവസം<br><br>7 പ്രവൃത്തി ദിവസം<br><br>അനുമതി ലഭിച്ചതിനുശേഷം 7 പ്രവൃത്തി ദിവസം | രജിസ്ട്രേഷൻ ഫീസ് 10 രൂപ സർട്ടിഫിക്കറ്റ് ഫീ 20 രൂപ<br><br>പട്ടികജാതി, പട്ടിക വർഗ്ഗം, ബി.പി.എൽ വിഭാഗം എന്നിവർക്ക് രജി. ഫീ 10 രൂപ<br><br>ലേറ്റ് ഫീ 100 രൂപ (45 ദിവസം മുതൽ 5 വർഷം വരെ)<br><br>ലേറ്റ് ഫീ 250 രൂപ |
| 47 | വാർദ്ധക്യകാല പെൻഷൻ (60 വയസ്സ് പൂർത്തിയായിരിക്കണം) | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, 1 പകർപ്പ്<br>2. പ്രായം തെളിയിക്കുന്നതിനുള്ള ഇനിപറയുന്ന ഏതെങ്കിലും രേഖ<br>എ. ജനന സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)<br>ബി. സ്കൂൾ സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)<br>സി. പാസ്പോർട്ട് (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)<br>3. അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്<br>4. ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ ശരിപകർപ്പ്<br>5. കുടുംബ വരുമാന പരിധി ഒരു ലക്ഷം രൂപ.<br>6. വരുമാന സർട്ടിഫിക്കറ്റ്. വൃദ്ധസദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാവരുത്. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്. മറ്റുപെൻഷൻ വാങ്ങുന്നവരാവരുത്. | 45 ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 48 | വിധവാ പെൻഷൻ | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, 1 പകർപ്പ്<br>2. അപേക്ഷക ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്<br>3. വിധവ/വിവാഹ മോചിത ആണെന്നു തെളിയിക്കുന്ന രേഖ (വില്ലേജ് ഓഫീസിൽനിന്നും)<br>4. ഭർത്താവ് മരിച്ചതാണെങ്കിൽ മരണസർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>5. ഏഴുവർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു വിവരവുമില്ലാത്തവർ അതുസംബന്ധിച്ച രേഖ (വില്ലേജ് ഓഫീസിൽനിന്നും) ഹാജരാക്കണം<br>6. ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ ശരിപകർപ്പ്<br>7. കുടുംബ വരുമാന പരിധി 1 ലക്ഷം രൂപ.<br>8. വരുമാന സർട്ടിഫിക്കറ്റ്.<br>9. അപേക്ഷക യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്. | 45 ദിവസം | ഇല്ല |
| 49 | വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, മന്ദബുദ്ധികൾ എന്നിവർക്ക് പെൻഷൻ | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, 1 പകർപ്പ്<br>2. അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്<br>3. അംഗവൈകല്യം തെളിയിക്കുന്ന രേഖ യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ ശരിപകർപ്പ്<br>5. കുടുംബ വരുമാന പരിധി 1 ലക്ഷം രൂപ.<br>6. വരുമാന സർട്ടിഫിക്കറ്റ്.<br>7. മറ്റു പെൻഷൻ വാങ്ങുന്നവരാകരുത്. | 45 ദിവസം | ഇല്ല |
| 50 | കർഷക തൊഴിലാളി പെൻഷൻ | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, 1 പകർപ്പ്<br>2. അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്<br>3. കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള വിടുതൽ സാക്ഷ്യപത്രം.<br>4. ഭൂവുടമ - സാക്ഷ്യപത്രം<br>5. ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ ശരിപകർപ്പ്<br>6. കുടുംബ വരുമാന പരിധി 100000 രൂപ.<br>7. വരുമാന സർട്ടിഫിക്കറ്റ്.<br>8. മറ്റു പെൻഷൻ വാങ്ങുന്നവരാകരുത്.<br>9. പ്രായം തെളിയിക്കുന്ന രേഖ (തിരിച്ചറിയൽകാർഡ്/ ജനന സർട്ടിഫിക്കറ്റ്/ഡ്രൈവിങ് ലൈസൻസ്) | 45 ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 51 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പുകൾ<br><br>2. അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്നതിന് ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്<br><br>3. വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്.<br><br>4. പെൺകുട്ടിയുടെ മാതാപിതാക്കൾ അപേക്ഷകയും പരേതനായ ഭർത്താവുമാണെന്ന് തെളിയിക്കുന്ന രേഖ.<br><br>5. വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച രേഖ<br><br>6.വരുമാനം തെളിയിക്കുന്ന രേഖ/ സത്യവാങ്മൂലം<br><br>7. അപേക്ഷകയും മകളും ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്<br><br>8. അപേക്ഷകക്കും മകൾക്കും ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡിന്റെ ശരിപകർപ്പ്<br><br>9. വാർഷിക വരുമാനം 1,00,000 രൂപ<br><br>10 . അപേക്ഷ വിവാഹത്തിന് 30 ദിവസം മുമ്പ് നൽകിയിരിക്കണം. | 45 ദിവസം | ഇല്ല |
| 52 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, 1 പകർപ്പ്<br>2. പ്രായം തെളിയിക്കുന്നതിനുള്ള ഇനിപറയുന്ന ഏതെങ്കിലും രേഖ<br>എ. ജനന സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)<br>ബി. സ്കൂൾ സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)<br>സി. പാസ്പോർട്ട് (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)<br>അപേക്ഷക വിവാഹിതയല്ലെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (വില്ലേജ് ഓഫിസിൽനിന്ന്)<br>3. അപേക്ഷക ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്<br>4. വാർഷിക വരുമാനം 1,00,000 രൂപ | 45 ദിവസം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 53 | തൊഴിൽ രഹിത വേതനം (പ്രതിമാസം 120 രൂപ) | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പുകൾ<br>2. പ്രായം 21 നും 35 നും ഇടയിൽ<br>3. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാകാലം പുതുക്കിയിരിക്കണം.<br>4). കുടുംബ വാർഷിക വരുമാനം 12000 രൂപയിൽ അധികമായിരിക്കരുത്<br>5). സ്വന്തം വരുമാനം മാസം 100 രൂപയിൽ കൂടുതൽ ഉണ്ടായിരിക്കരുത്.<br>6). എസ്.എസ്.എൽ.സി. പാസ്സായിരിക്കണം<br>7) 18 വയസ്സിനുശേഷം തുടർച്ചയായി 3 വർഷം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.<br>8) എസ്.എസ്.എൽ.സി.ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.<br>10.വരുമാനം തെളിയിക്കുന്ന രേഖ/ സത്യവാങ്മൂലം<br>11. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, എംപ്ലോയ്മെൻറ് കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്<br>എസ്.സി., എസ്.ടി., വികലാംഗർ എന്നിവർക്ക് എസ്.എസ്.എൽ.സി. തോറ്റാലും അപേക്ഷിക്കാം.<br>അപേക്ഷിക്കേണ്ടവിധം<br>1). നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ 2 പകർപ്പുകൾ<br>2). എസ്.എസ്.എൽ.സി.ബുക്കിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3). ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, എംപ്ലോയ്മെൻറ് കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ് | പഞ്ചായത്ത് സെക്രട്ടറി അന്വേഷണം നടത്തി 50 ദിവസത്തിനകം അർഹതയുള്ളവർക്ക് വേതനത്തിന് ശുപാർശ ചെയ്യുന്നതാണ് | ഇല്ല |
| 54 | ബി.പി.എൽ. സർട്ടിഫിക്കറ്റ് | നിലവിലുള്ള ബി.പി.എൽ. പട്ടികയിൽ പേരുണ്ടായിരിക്കണം. ക്രമനമ്പർ ഉൾപ്പെടെ അപേക്ഷ വെള്ളക്കടലാസിൽ എഴുതി 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നൽകണം. | അന്നേ ദിവസം | ഇല്ല |
| 55 | MGNREGS തൊഴിൽ കാർഡിനും തൊഴിലിനുമുള്ള അപേക്ഷ | 1.നിശ്ചിത ഫോറത്തിലോ, വെള്ളക്കടലാസിലോ ഉള്ള അപേക്ഷ<br>2. പഞ്ചായത്തിൽ സ്ഥിരതാമസക്കാരനാണെന്നുള്ള രേഖ<br>3. റേഷൻ കാർഡിന്റെ പകർപ്പ്<br>4. 18 വയസ്സ് പൂർത്തിയായിരിക്കണം<br>5. ശാരീരികാദ്ധ്വാനത്തിന് തയ്യാറായിരിക്കണം<br>6. ആധാർകാർഡ്, ഐ.ഡി. കാർഡ്. | 15 ദിവസം | - |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 60 | MGNREGS വേതനം നൽകുന്നതിന് | 1.മസ്റ്റർ റോൾ (ബി.പി.ഒ യിൽനിന്നും വാങ്ങി സെക്രട്ടറി ഒപ്പിട്ട് എഡിഎസ് വൊളണ്ടിയർക്ക് നൽകിയതും, തൊഴിലാളികളുടെ പേരും ഒപ്പും ബാങ്ക് എക്കൗണ്ട് നമ്പറും, കാർഡ് നമ്പറും ഉള്ളതും, തിരുത്തലുകൾ ഇല്ലാത്തതും, വളണ്ടിയർ, ഓവർസിയർ, വാർഡ് മെമ്പർ, മോണിറ്ററിംഗ് സമിതി അംഗങ്ങൾ എന്നിവർ ഒപ്പിട്ടതും ആയിരിക്കണം)<br>2. സാധന സാമഗ്രികൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ നിയമാനുസൃത ബില്ലുകളും രേഖകളും.<br>3. ഫസ്റ്റ് എയ്ഡ്, കുടിവെള്ളം മുതലായവ നൽകിയതിന്റെ രേഖകൾ<br>4. ട്രാക്ടർ, വാഹനങ്ങൾ മുതലായവ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ വൗച്ചറുകളും, രേഖകളും.<br>5. സൈറ്റ് ഡയറി (വിജിലൻസ് & മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടെ)<br>6. തൊഴിലാളികളുടെ പേര്, നമ്പർ, ബാങ്ക് എക്കൗണ്ട്, തുടങ്ങിയവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്.<br>7. തൊഴിലുപകരണങ്ങളുടെ വാടക സ്റ്റേറ്റ്മെന്റ്<br>8. പ്രവൃത്തിയുടെ ഫോട്ടോ<br>9. ബന്ധപ്പെട്ട എഞ്ജിനീയർ തയ്യാറാക്കിയ വാല്വേഷൻ | 15 ദിവസം | - |

# ഘടകസ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ

## മൃഗാശുപത്രി

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | മൃഗങ്ങൾക്കുള്ള രോഗ നിർണ്ണയവും ചികിത്സയും മരുന്ന് നൽകലും | രാവിലെ 9 മണിമുതൽ 1 മണിവരേയും വൈകുന്നേരം 2 മണിമുതൽ 3 മണിവരേയും അവധിദിവസങ്ങളിൽ രാവിലെ 9 മണിമുതൽ 12 മണിവരേയും ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 2 | പകർച്ചവ്യാധികൾക്കെതിരെയുള്ള രോഗപ്രതിരോധ കുത്തിവെപ്പ് | ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | നിലവിലുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് |
| 3 | കന്നുകാലികളുടെ ഗർഭ പരിശോധനയും വന്ധ്യതാ നിവാരണ ചികിത്സയും | ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 4 | വളർത്തുനായകൾക്ക് പേവിഷബാധക്കെതിരെ കുത്തിവെപ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകൽ | ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിച്ച് കുത്തിവെപ്പിനുള്ള വാക്സിൻ ലഭ്യമാക്കുക | തത്സമയം | നിലവിലുള്ള പദ്ധതിപ്രകാരം |
| 5 | വളർത്തുമൃഗങ്ങൾക്കുള്ള ഇൻഷൂറൻസ് സംരക്ഷണം | ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കുക (ഇൻഷൂറൻസ് പ്രീമിയം നിർദ്ദേശാനുസരണം ഗുണഭോക്താവ് അടക്കണം) | തത്സമയം | നിലവിലുള്ള പദ്ധതിപ്രകാരം |
| 6 | കാളകളുടെ വരിയുടക്കൽ, മൂക്ക് തുളക്കൽ | ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കുക | തത്സമയം | ഇല്ല |
| 7 | കൃത്രിമ ബീജസങ്കലനം | മദിലക്ഷണംമുതൽ 24 മണിക്കൂറിനുള്ളിൽ ഉരുക്കളെ ഡോക്ടറുടെ സമീപത്തെത്തിക്കുക | തത്സമയം | ഇല്ല |

# ഘടകസ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ

## ഹോമിയോ ഡിസ്പെൻസറി

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | ഡോക്ടർമാരുടെ സേവനം | രാവിലെ 9 മണിമുതൽ 1 മണിവരെ | തത്സമയം | ഇല്ല |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് | ചികിത്സയിലുള്ള ആളായിരിക്കണം. ഒ.പി. ടിക്കറ്റ് ഉണ്ടായിരിക്കണം | 5 ദിവസം | ഇല്ല |
| 3 | ലൈഫ് സർട്ടിഫിക്കറ്റ് | അപേക്ഷകർ പെയ്മെന്റ് ഓർഡർ സഹിതം ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കണം | 5 ദിവസം | ഇല്ല |
| 4 | ഏജ് സർട്ടിഫിക്കറ്റ് | അപേക്ഷകർ റേഷൻകാർഡ്/തിരിച്ചറിയൽ കാർഡ് സഹിതം ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കണം | 5 ദിവസം | ഇല്ല |
| | | **ആയുർവ്വേദ ആശുപത്രി** | | |
| 1 | ഡോക്ടർമാരുടെ സേവനവും മരുന്ന് നൽകലും | രാവിലെ 9 മണിമുതൽ 1 മണിവരെ | തത്സമയം | ഇല്ല |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് | ചികിത്സയിലുള്ള ആളായിരിക്കണം. ഒ.പി. ടിക്കറ്റ് ഉണ്ടായിരിക്കണം | തത്സമയം | ഇല്ല |
| 3 | ലൈഫ് സർട്ടിഫിക്കറ്റ് | അപേക്ഷകർ പെയ്മെന്റ് ഓർഡർ സഹിതം ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കണം | തത്സമയം | ഇല്ല |
| 4 | ഏജ് സർട്ടിഫിക്കറ്റ് | അപേക്ഷകർ റേഷൻകാർഡ്/തിരിച്ചറിയൽ കാർഡ് സഹിതം ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കണം | തത്സമയം | ഇല്ല |

# അംഗൻവാടികൾ – ഐ. സി. ഡി. എസ്. സൂപ്പർവൈസർ
# (സാമൂഹ്യക്ഷേമവകുപ്പ് – അംഗനവാടികൾ)

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം ഗർഭിണികൾക്ക് | ഗർഭിണിയാണെന്ന് അറിഞ്ഞ ഉടനെ അടുത്ത അംഗനവാടിയിൽ പേര് രജിസ്റ്റർചെയ്യുക | ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും - 6 മാസംവരെ | ഇല്ല |
| 2 | THRS വിതരണം കുട്ടികൾക്ക് ന്യൂട്രിമിക്സ് | അംഗനവാടിയിൽ കുട്ടികളുടെ പേര് രജിസ്റ്റർചെയ്യുക | 6 മാസംമുതൽ 3 വയസ്സ് വരെ പ്രായമുള്ള എല്ലാകുട്ടികൾക്കും | ഇല്ല |
| 3 | 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അനുപൂരക പോഷകാഹാരം | 3 മുതൽ 6 വയസ്സുവരെപ്രായമുള്ള കുട്ടികളെ അംഗനവാടിയിൽ പേര് രജിസ്റ്റർ ചെയ്യുക | 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് | ഇല്ല |
| 4 | രോഗപ്രതിരോധ കുത്തിവെപ്പ് ഗർഭിണികൾക്കും കുട്ടികൾക്കും | ഗർഭിണിയാണെന്ന് അറിഞ്ഞ ഉടനെ അടുത്ത അംഗനവാടിയിൽ പേര് രജിസ്റ്റർചെയ്യുക | ഗർഭിണികൾക്കും 5 വയസ്സിനുതാഴെയുള്ള കുട്ടികൾക്കും | ഇല്ല |
| 5 | അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം | 3 മുതൽ 6 വയസ്സുവരെപ്രായമുള്ള കുട്ടികളെ അംഗനവാടിയിൽ പേര് രജിസ്റ്റർ ചെയ്യുക | ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും (6 മാസംവരെ) 6 വയസ്സ് വരെയുള്ള കുട്ടികൾക്കും | ഇല്ല |
| 6 | ആരോഗ്യപരിശോധന കുട്ടികൾക്കും അമ്മമാർക്കും | അംഗനവാടിയിൽ പേര് രജിസ്റ്റർചെയ്യുക | ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും 6 വയസ്സ് വരെയുള്ള കുട്ടികൾക്കും | ഇല്ല |
| 7 | ആരോഗ്യ - പോഷണ വിദ്യാഭ്യാസം ന്യുട്രീഷൻ ഡേ - ഹെൽത്ത് ഡേ | വാർഡ്തല അംഗനവാടികളിൽ പേര് രജിസ്റ്റർചെയ്യുക | എല്ലാമാസവും രണ്ടാമത്തെ വ്യാഴാഴ്ച ആരോഗ്യ പ്രവർത്തകർ ക്ലാസ്സുകൾ എടുക്കുന്നു. പ്രതിരോധകുത്തിവെപ്പിനെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ് | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 6 | കുട്ടികളുടെ വളർച്ചാനിരക്ക് രേഖപ്പെടുത്തുന്ന ആരോഗ്യചാർട്ട് | അടുത്ത അംഗനവാടിയിൽ രജിസ്റ്റർചെയ്യുക (6 മാസംമുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക്) | മാസത്തിൽ ആദ്യത്തെ ആഴ്ച കുട്ടികളുടെ തൂക്കം എടുക്കുന്നു | ഇല്ല |
| 7 | ആരോഗ്യരക്ഷാ റഫറൽ സർവ്വീസ് | അംഗനവാടിയിൽ രജിസ്റ്റർചെയ്ത ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും 6 വയസ്സ് വരെയുള്ള കുട്ടികൾക്കും മറ്റുള്ളവർക്കും താൽക്കാലികാവശ്യത്തിനുള്ള മരുന്ന് നൽകി തൊട്ടടുത്ത പി.എച്ച്.സി. യിലേക്ക് റഫർചെയ്യുന്നു | തത്സമയം | ഇല്ല |

# വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | ഭവനനിർമ്മാണ പദ്ധതി (ഐ.എ.വൈ) | ഗ്രാമസഭമുഖേന തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പ്രവർത്തന ഘട്ടങ്ങൾക്കനുസരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നു | അപേക്ഷലഭിച്ച് രണ്ടുദിവസത്തിനുള്ളിൽ | ഇല്ല |
| 2 | സമ്പൂർണ്ണ ശുചിത്വ ആരോഗ്യ പദ്ധതി | സ്വന്തമായി സ്ഥലമുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് 2500 രൂപ ധനസഹായമായി നൽകുന്നു. ഗ്രാമസഭ അംഗീകരിച്ച അപേക്ഷകരിൽനിന്നും മുൻഗണനാ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ശുപാർശചെയ്യുന്നു | പദ്ധതിയുടെ ഓരോഘട്ടങ്ങളുടെ പൂർത്തീകരണമനുസരിച്ച് | ഇല്ല |
| 3 | ബി.പി.എൽ. സർട്ടിഫിക്കറ്റ് | നിലവിലുള്ള ബി.പി.എൽ. ലിസ്റ്റിൽ ക്രമനമ്പർ കാണിച്ചുകൊണ്ടുള്ള അപേക്ഷ (കോർട്ട് ഫീസ് സ്റ്റാമ്പ് സഹിതം) | ഒരു പ്രവൃത്തി ദിവസം | ഇല്ല |
| 4 | ക്രഡിറ്റ് കം സബ്സിഡി (ഭവനനിർമ്മാണ പദ്ധതി - ബാങ്ക് ലിങ്ക്ഡ്) | ഗ്രാമസഭ അംഗീകരിച്ച അപേക്ഷകരിൽനിന്നും മുൻഗണനാ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വീട് നിർമ്മാണ ധനസഹായത്തിന് ശുപാർശചെയ്യുന്നു(37500 രൂപ ലോൺ, 12500 രൂപ സബ്സിഡി) | പദ്ധതിയുടെ ഓരോഘട്ടങ്ങളുടെ പൂർത്തീകരണമനുസരിച്ച് | ഇല്ല |

# തിരുവാലി ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രം പൂളക്കൽ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | ഡോക്ടറുടെ സേവനം | രാവിലെ 9 മണിമുതൽ 2 മണിവരെ രോഗപരിശോധനയും, ചികിത്സയും, റഫർ ചെയ്യലും. | തത്സമയം | ഇല്ല |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് | ആവശ്യക്കാർ നേരിട്ട് ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക | ഒ.പി. പരിശോധനക്ക് ശേഷം | നിലവിലുള്ള ഗവ. ഉത്തരവു കൾക്കനുസ രിച്ച് |
| 3 | ഏജ് സർട്ടിഫിക്കറ്റ് | റേഷൻ കാർഡ് /ഐഡന്റിറ്റി സർട്ടി ഫിക്കറ്റ് സഹിതം ആവശ്യക്കാർ ഡ്യൂട്ടിസമയത്ത് നേരിട്ട് ഡോക്ടറെ സമീപിക്കുക | ഒ.പി. പരിശോധനക്ക് ശേഷം | നിലവിലുള്ള ഗവ. ഉത്തരവു കൾക്കനുസ രിച്ച് |
| 4 (എ) | കുട്ടികൾക്കുള്ള രോഗപ്ര തിരോധ കുത്തിവെപ്പ് ബി.സി.ജി. | മാസത്തിലെ മൂന്നാമത്തെ ബുധനാഴ്ച കുട്ടിയെ ആരോഗ്യകേന്ദ്രത്തിൽ എത്തിക്കുക. | തത്സമയം | ഇല്ല |
| ബി | ഡി.പി.ടി. പോളിയോ, (OPV) (HBV) ഹെപ്പറ്റൈറ്റിസ് | എല്ലാ ബുധനാഴ്ചയും. കുട്ടിയെ ആരോഗ്യകേന്ദ്രത്തിൽ എത്തിക്കുക. | തത്സമയം | ഇല്ല |
| സി | മിസീൽസ് വാക്സിൻ | 9 മാസം പൂർത്തിയായാൽ ഉടൻ അടുത്ത ബുധനാഴ്ച ഡ്യൂട്ടി സമയത്ത് കുട്ടിയെ ആരോഗ്യകേന്ദ്രത്തിൽ എത്തിക്കുക. | തത്സമയം | ഇല്ല |
| ഡി | വിറ്റാമിൻ.എ., തുള്ളി മരുന്ന്. | 5 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് 6 മാസം ഇടവിട്ട് 9 ഡോസ് . ആദ്യഡോസ് 10-ാം മാസം നൽകത്തക്കവിധം കുട്ടിയെ ആരോഗ്യകേന്ദ്രത്തിൽ എത്തിക്കുക. | തത്സമയം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| ഇ | ഗർഭിണികൾക്ക് ടെറ്റന സ്സിന് എതിരെയുള്ള കുത്തിവെപ്പ് | എല്ലാതിങ്കളാഴ്ചയിലും ഡ്യൂട്ടി സമയത്ത് ആരോഗ്യകേന്ദ്രത്തിൽ എത്തിക്കുക | തത്സമയം | ഇല്ല |
| എഫ് | വിളർച്ചക്കെതിയെയുള്ള അയേൺ ഫോളിക്കാ സിഡ് ഗുളിക വിതരണം | വിളർച്ച വാധിച്ച കുട്ടികളും, ഗർഭിണികളും, മുലയൂട്ടുന്ന അമ്മമാരും ആരോഗ്യകേന്ദ്ര ത്തിലോ ഉപകേന്ദ്രത്തിലോ സമീപിക്കുക. | തത്സമയം | ഇല്ല |
| ജി | ദേശീയ രോഗനിയന്ത്രണ /ആരോഗ്യ പരിപാടി അനുസരിച്ച് ക്ഷയം, കുഷ്ഠം, മലമ്പനി മന്ത്, വയറിളക്ക രോഗ ങ്ങൾക്കുള്ള ചികിത്സ, പൾസ് പോളിയോ നിർമ്മാർജ്ജനം | രണ്ടാഴ്ചയിൽക്കൂടുതൽ പനിയും ചുമയും ഉള്ളവർ ക്ഷയരോഗപരിശോധനക്കായി ഡ്യൂട്ടി സമയത്ത് ആരോഗ്യകേന്ദ്രത്തിൽ എത്തുക. | തത്സമയം. തുടർച്ചയായ ചികിത്സക്ക് സൗകര്യമുണ്ടാകും. | ഇല്ല |
| എച്ച് | വയറിളക്കരോഗ നിയന്ത്ര ണത്തിന് ക്ലോറിനേഷൻ, ഒ.ആർ.എസ്. വിതരണം | ഡ്യൂട്ടി സമയത്ത് ആരോഗ്യകേന്ദ്രത്തിൽ എത്തുക. അരോഗ്യ ഉപകേന്ദ്രങ്ങളിലോ, അംഗനവാടി ആശാപ്രവർത്തകരേയോ സമീ പിക്കുക | തത്സമയം. | ഇല്ല |
| ഐ | മലേരിയക്കെതിരെയുള്ള പ്രതിരോധ നടപടി | പനിയുള്ളവരുടെ രക്തപരിശോധന നട ത്തുന്നു. മലേറിയ ലക്ഷണം കണ്ടെത്താൻ ഇടയായാൽ ചികിത്സയും, മരുന്നുതളി, രക്തപരിശോധന, ബോധവൽക്കരണം എന്നിവയും നടത്തുന്നു. | തത്സമയം. | ഇല്ല |
| 5 | അംഗനവാടികൾ കേന്ദ്രീ കരിച്ച് അമ്മമാർക്കുള്ള ബോധവൽക്കരണം | അംഗനവാടി ടീച്ചർ, ഹെൽത്ത് സ്റ്റാഫ്, JHI, JEHN എന്നിവർ ക്ലാസ്സുകൾ നടത്തും അമ്മമാർ കേന്ദ്രത്തിൽ എത്തിച്ചേരണം | തത്സമയം. | ഇല്ല |
| 6 | കുടുംബാസൂത്രണ പ്രവർത്തനങ്ങൾ | അർഹരായ ദമ്പതികൾ പ്രവർത്തി സമയങ്ങ ളിൽ ആരോഗ്യ കേന്ദ്രത്തിൽ സമീപിക്കുക. ആരോഗ്യ ഉപകേന്ദ്രത്തിൽനിന്നും ഈ സൗകര്യം ലഭ്യമാണ്. | തത്സമയം. | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനംലഭ്യമാകുന്ന സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 7 | ദേശീയ അന്ധതാനിയന്ത്രണ പരിപാടി - നേത്ര പരിശോധനയും റഫറൽ സൗകര്യവും | നേത്രപടല അന്ധത പരിശോധിച്ചറിയുന്നതിന് വിദഗ്ദ്ധ പരിശോധന എല്ലാ നാലാമത്തെ വ്യാഴാഴ്ചയും ആരോഗ്യ കേന്ദ്രത്തിൽ ലഭ്യമാണ്. | തത്സമയം | ഇല്ല |
| 8 | സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | 100 രൂപ ട്രഷറിയിൽ ചെലാൻ ഒടുക്കിയതിന്റെ അസ്സൽ സഹിതം നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ ഹെൽത്ത് ഇൻസ്പെക്ടർക്ക് സമർപ്പിക്കുക | 15 ദിവസത്തിനകം | ഇല്ല |
| 9 | പരിരക്ഷ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് സേവനം എല്ലാ ചൊവ്വാഴ്ചയും | പരിരക്ഷാപദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കണം | - | ഇല്ല |
| 10 | ഗർഭിണികളുടെ പരിശോധന | ഒ.പി. ടിക്കറ്റെടുത്ത് പരിശോധനക്ക് തയ്യാറാവുക | തത്സമയം. | ഇല്ല |

# കൃഷിഭവൻ, തിരുവാലി

| നമ്പർ | സേവനങ്ങൾ | അർഹതാ മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | അപേക്ഷാഫീസ് | സേവനം പ്രദാനംചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 1 | മണ്ണുപരിശോധന (കൃഷിഭവൻ) | കൃഷിഭവൻ പരിധിയിൽ കൃഷിചെയ്യുന്ന കർഷകർ | ശാസ്ത്രീയമായി തയ്യാറാക്കിയ മണ്ണു സാമ്പിളുകളും അപേക്ഷയും കൃഷിഭവനിൽ നൽകുക | ഇല്ല | മണ്ണുപരിശോധനാ ലാബിൽനിന്ന് പരിശോധനാ റിപ്പോർട്ട് 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കും | കൃഷി ഓഫീസർ/ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്. | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 2 | സംസ്ഥാന വിള ഇൻഷൂറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് | 1. കർഷകർ<br>2. കൃഷിചെയ്യുന്ന പുരയിടത്തിൽ ഇൻഷൂർ ചെയ്യാൻ ഉദ്ദേശിക്കുന്ന വിളകൾ മുഴുവനായി ഉൾപ്പെടുത്തണം | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയും കരംതീർത്ത രശീതിന്റെ പകർപ്പും കൃഷിഭവനിൽ സമർപ്പിക്കുക | വിളകൾക്ക് അനുസരിച്ചുള്ള നിശ്ചിത പ്രീമിയംതുക | പ്രീമിയംതുക അടച്ച് ഒരുമാസത്തിനകം പോളിസി ഡോക്യുമെന്റ് നൽകുന്നതാണ്. 7 ദിവസത്തിനുശേഷം ഇൻഷൂറൻസ് കവറേജ് ലഭ്യമായിതുടങ്ങും. | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ/ പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 3 | സംസ്ഥാന വിള ഇൻഷൂറൻസ് പദ്ധതി പ്രകാരം ഇൻഷ്വർചെയ്ത വിളക്ക് വിളനാശത്തിനുള്ള ആനുകൂല്യം | 1. വിളഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിരിക്കണം<br>2. പ്രകൃതിക്ഷോഭം/ വന്യമൃഗങ്ങളുടെ ആക്രമണം കാരണം വിളനാസം സംഭവിച്ച് 15 ദിവസത്തിനകം അപേക്ഷ നൽകണം. | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ കൃഷിഭവനിൽ സമർപ്പിക്കുക | ഇല്ല | കൃഷിഭവനിൽ പ്രീമിയംതുക അടച്ച് 7 ദിവസത്തിനുശേഷം ഇൻഷൂർ ചെയ്ത കാലയളവിനകം വിളനാശം സംഭവിച്ചാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.<br>2. ക്ലെയിമിന്റെ സ്വഭാവമനുസരിച്ച് 3 മാസത്തിനകം ആനുകൂല്യം ലഭ്യമാകും. | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ/ പ്രിൻസിപ്പൽ കൃഷി ഓഫീസർ/കൃഷി ഡയറക്ടർ |

| നമ്പർ | സേവനങ്ങൾ | അർഹതാ മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | അപേക്ഷാഫീസ് | സേവനം പ്രദാനംചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 4 | പ്രകൃതിക്ഷോഭംമൂലം വിളനാശത്തിനുള്ള ആനുകൂല്യം ലഭിക്കുന്നതിന് | പ്രകൃതിക്ഷോഭംമൂലം വിളനാശംസംഭവിച്ച കൃഷിഭവൻ പരിധിയിലുള്ള കർഷകർ | വിളനാസം സംഭവിച്ച് 10 ദിവസത്തിനകം അപേക്ഷയും കരം തീർത്ത രസീതിന്റെ പകർപ്പും കൃഷിഭവനിൽ നൽകണം | ഇല്ല | ആനുകൂല്യം ഫണ്ടിൻരെ ലഭ്യതക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കർഷകർക്ക് നൽകുന്നു | കൃഷി ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 5 | ശാസ്ത്രീയ കൃഷിരീതികൾ, വിളപരിചരണം തുടങ്ങിയവ സംബന്ധിച്ച് ഉപദേശങ്ങൾ | 1. കർഷകർ | പ്രത്യേക അപേക്ഷാഫോറം ഇല്ല. കൃഷിഭവനിലെ ഉദ്യോഗസ്ഥരെ സമീപിച്ച് പ്രശ്നത്തെക്കുറിച്ച് നേരിട്ട് ചർച്ചചെയ്യുക | ഇല്ല | കൃഷി ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി നിർദ്ദേശങ്ങൾ എത്രയുംവേഗം നൽകുന്നു. | കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 6 | കാർഷിക പരിശീലനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭിക്കുന്നതിന്. | കർഷകർ | പ്രത്യേക അപേക്ഷാഫോറം ഇല്ല. കൃഷിഭവനിൽ നേരിട്ട് സമീപിക്കുക | ഇല്ല | ആവശ്യപ്പെടുന്ന വിവരങ്ങൾ ഉടൻ നൽകുന്നു. വിശദവിവരങ്ങൾ കൃഷിഭവനിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിരിക്കും. | കൃഷി ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 7 | വിത്ത്, നടീൽ വസ്തുക്കൾ, കീടനാശിനികൾ, വളങ്ങൾ തുടങ്ങിയ ഉൽപ്പാദനോപാധികളുടെ ലഭ്യതയെ സംബന്ധിച്ച വിവരങ്ങൾ | കർഷകർ | പ്രത്യേക അപേക്ഷാഫോറം ഇല്ല. കൃഷിഭവനിൽ നേരിട്ട് സമീപിക്കുക | ഇല്ല | ആവശ്യപ്പെടുന്ന വിവരങ്ങൾ ഉടൻ നൽകുന്നു. വിശദവിവരങ്ങൾ കൃഷിഭവനിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിരിക്കും. | കൃഷി ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |

| നമ്പർ | സേവനങ്ങൾ | അർഹതാ മാനദണ്ഡം | എങ്ങനെ/എവിടെ അപേക്ഷിക്കണം | അപേക്ഷാഫീസ് | സേവനം പ്രദാനംചെയ്യുന്ന കാലയളവ് | ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | സേവനം ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ പരാതി നൽകേണ്ടത് |
|---|---|---|---|---|---|---|---|
| 8 | വിത്ത്, നടീൽ വസ്തുക്കൾ തുടങ്ങിയ ഉൽപ്പാദനോപാധികളുടെ വിൽപ്പന | കർഷകർ/പൊതുജനങ്ങൾ | പ്രത്യേക അപേക്ഷാഫോറം ഇല്ല. നേരിട്ട് കൃഷിഭവൻ/ഫാമുകൾ സന്ദർശിച്ച് വാങ്ങുക | സർക്കാർ നിശ്ചയിക്കുന്ന വിലവിവരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ് | ലഭ്യതയുടെ അടിസ്ഥാനത്തിൽ നൽകുന്നു | കൃഷി ഓഫീസർ/ ഫാം സൂപ്രണ്ട് | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) |
| 9 | സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് | പദ്ധതിയിൽ നിശ്ചയിക്കപ്പെട്ടവിധം | അപേക്ഷയും കരംതീർത്ത രശീതിൻരെ പകർപ്പും കൃഷിഭവനിൽ നൽകുക | ഇല്ല | പദ്ധതിയിൽ വ്യവസ്ഥചെയ്യുന്നതു പ്രകാരം വിശദവിവരം കൃഷിഭവനിൽ പ്രദർശിപ്പിക്കും | കൃഷി ഓഫീസർ | പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 10 | തദ്ദേശ സ്ഥാപനങ്ങളുടെ പ്രൊജക്ടുകൾപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് | പ്രൊജക്ടിൽ നിശ്ചയിക്കുന്നതനുസരിച്ച് ഗുണഭോക്താക്കലെ ഗ്രാമസഭകളിലൂടെ/വാർഡ് സഭകളിലൂടെ തെരഞ്ഞെടുക്കുന്നു. | നിർദ്ദിഷ്ടഫോറത്തിലെ അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ /ഗ്രാമസഭയിൽ/ വാർഡ് സഭയിൽ നൽകുക | ഇല്ല | പ്രൊജക്ടിൽ വ്യവസ്ഥചെയ്യുന്നതു പ്രകാരം | കൃഷിഓഫീസർ | തദ്ദേശസ്വയംഭരണ സ്ഥാപനം |

# പൊതു നിർദ്ദേശങ്ങൾ

1. അപേക്ഷകളും, ഹരജികളും, നിവേദനങ്ങളും, എല്ലാ പണമിടപാടുകളും ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിലൂടെ മാത്രമേ പാടുള്ളു.

2. സെക്രട്ടറിയുടെ പേരിൽ സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും നിശ്ചിത വിലയുള്ള കോടതിമുദ്ര പതിച്ചിരിക്കേണ്ടതാണ്.

3. എല്ലാ അപേക്ഷകൾക്കും പറ്റ്ചീട്ട് കൈപ്പറ്റാവുന്നതാണ്.

4. രേഖകളുടെ ഫോട്ടോസ്റ്റാറ്റ് സമർപ്പിക്കുമ്പോൾ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സമർപ്പിക്കുന്നത് ഓഫീസിൽ നിങ്ങൾ ചെലവഴിക്കേണ്ടുന്ന സമയത്തിന്റെ ദൈർഘ്യം കുറക്കുന്നതിന് സഹായിക്കും.

5. നിശ്ചിത ഫോറങ്ങൾ കഴിയുന്നത്രയും ഫ്രണ്ട് ഓഫീസിൽ ലഭ്യമാക്കും.

6. ഫ്രണ്ട് ഓഫീസിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് ക്യൂ സിസ്റ്റം പാലിക്കേണ്ടതാണ്. സ്ത്രീകൾക്കും മുതിർന്ന പൗരന്മാർക്കും പ്രത്യേകം ക്യൂ നിൽക്കാവുന്നതാണ്. ആയത് ആദ്യംവന്നവന് ആദ്യം സേവനം നൽകുന്നതിന് സഹായകരമാവും.

**ഫ്രണ്ട് ഓഫീസ് പ്രവർത്തന സമയം**

**10. AM to 1.15 PM**

**2. PM to 5.00 PM**

**ക്യാഷ് ഇടപാടുകൾ 3 PM വരെ മാത്രം**

# തിരുവാലി ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ

## 2022

**തിരുവാലി പഞ്ചായത്ത് ഓഫീസ്**

പി.ഒ. തിരുവാലി, മലപ്പുറം ജില്ല. പിൻ - 676123

ഫോൺ : 04832 721148

E-mail : thiruvalipanchayat@gmail.com